സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. 15441/20/എസ്റ്റാ.എ — നന്തൻകോട് 08.09.2021

---

പരാമർശം : 1. 07.10.2020-ലെ ആർ.ഒ.സി. 10073/16/എസ്റ്റ.2 നമ്പർ ബോർഡുത്തരവ്.

2. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസിലെ 21.01.2021-ലെ 10/2020/501 നമ്പർ കത്ത്.

3. 20.02.2021ലെ ആർ.ഒ.സി. 10073/16/എസ്റ്റ.2 നമ്പർ ബോർഡുത്തരവ്.

4. 03.09.2021ലെ ആർ.ഒ.സി. 10073/16/എസ്റ്റ.2 നമ്പർ ബോർഡുത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിലവിലുള്ള മൂന്ന് ഒഴിവുകൾ എംപ്ലോയ്മെന്റ് ഓഫീസിൽ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിന് ബോർഡ് ഉത്തരവ് ലഭിച്ചു (പരാമർശം 1).

തുടർന്ന് ഈ ഓഫീസിൽ നിന്നും എംപ്ലോയ്മെന്റ് ഓഫീസിൽ കത്ത് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 60 ഉദ്യോഗാർത്ഥികളുടെ പേരുവിവരം അടങ്ങുന്ന പട്ടിക (ഓപ്പൺ/ഈഴവ/പട്ടികജാതി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച്) പരാമർശം (2) കത്തിനോടൊപ്പം ലഭിച്ചു. ടി ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ബഹുമാനപ്പെട്ട ബോർഡ് മെമ്പർ ശ്രീ. കെ.എസ്. രവി അവർകൾ കൺവീനറായും, ദേവസ്വം കമ്മീഷണർ, സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു ഇന്റർവ്യൂ ബോർഡ് രൂപീകരിച്ച് ബോർഡുത്തരവ് ലഭിച്ചു (പരാമർശം 3).

തുടർന്ന് ഉദ്യോഗാർത്ഥികളുമായി കൂടികാഴ്ച നടത്തുന്നതിന് മുന്നോടിയായി ഇന്റർവ്യൂ ബോർഡ് 20.07.2021-ൽ യോഗം കൂടുകയും. 11.08.2021-ൽ 10.00 മണി മുതൽ കൂടികാഴ്ച നടത്തുന്നതിനും, ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിൽ നിന്നും ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിനും തീരുമാനിച്ചു.

ആയതിന്റെ അടിസ്ഥാനത്തിൽ 11.08.2021-ൽ ഇന്റർവ്യൂ നടത്തി പൊതുവിഭാഗത്തിൽ നിന്നും സംവരണ സമുദായങ്ങളിൽ നിന്നും ഉയർന്ന മാർക്ക് കരസ്ഥമാക്കിയ ചുവടെ വിവരിക്കുന്ന 3 ഉദ്യോഗാർത്ഥികളെ സൂചന (4) ബോർഡുത്തരവ് പ്രകാരം പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ 9,340 - 14,800 രൂപ ശമ്പള സ്കെയിലിൽ നിയമിക്കുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

1. ശ്രീമതി. വസന്തകുമാരി.എസ്,
ബി.എസ്. ഭവൻ, ചെന്നിക്കുഴി,
ചാരുപാറ.പി.ഒ, പിൻ 695 601.

2. ശ്രീമതി. സിന്ധു.എസ്,
ഡി.എസ്.ഭവൻ, തുണ്ടത്തിൽ,
മങ്ങലത്തുകോണം, കട്ടച്ചാൽ കുഴി,
തിരുവനന്തപുരം.

3. ശ്രീമതി. ബി. ഉഷ,
ലീല നിവാസ്, ഹരിജൻ കോളനി,
മുണ്ടക്കൽ, മുരിക്കുംപുഴ.പി.ഒ,
തിരുവനന്തപുരം.

**ഒപ്പ്**
**ദേവസ്വം കമ്മീഷണർ**

പകർപ്പ്:

1. സെക്രട്ടറി (ആമുഖ കത്ത് സഹിതം)
2. ഇ.ഡി.പി
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
(അഡ്മിനിസ്ട്രേഷൻ)